(ഡി) കേന്ദ്ര സർക്കാർ സബ്സിഡി എടുത്തുകളഞ്ഞ സാഹചര്യത്തിൽ സംസ്ഥാനത്ത് സബ്സിഡി നിലനിർത്തുന്നത് സർക്കാരിനെ ഒരു സാമ്പത്തിക പ്രതിസന്ധിയിലെത്തിക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അത്തരം ഒരു സാഹചര്യം നേരിടാൻ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) 327.55 കോടി രൂപ.

(ബി) 111 കോടി രൂപ. കൂടാതെ 59 കോടി രൂപ അധികമായി നൽകുമെന്ന് ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) കേന്ദ്രം വില വർദ്ധിപ്പിച്ച സാഹചര്യത്തിൽ തുക അപര്യാപ്തമാണ്.

(ഡി) സാമ്പത്തിക പ്രതിസന്ധിയിലെത്തിക്കുകയില്ല. എന്നാൽ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകും.

(ഇ) ഉദിക്കുന്നില്ല.

കൊല്ലം - തിരുവനന്തപുരം റെയിൽവേ ലൈൻ ഇരട്ടിപ്പിക്കുന്ന പണി

14 (*224)ശ്രീ. ജോർജ് ജെ. മാത്യു :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കൊല്ലം-തിരുവനന്തപുരം റെയിൽവേ ലൈൻ ഇരട്ടിപ്പിക്കുന്നതു സംബന്ധിച്ച പണി ആരംഭിച്ചതെന്നാണ്; പണി എന്നു പൂർത്തിയാകുമെന്ന് സംസ്ഥാന ഗവൺമെന്റിന് അറിയുമോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) പണി പൂർത്തിയാക്കുന്നതിൽ കാലതാമസം ഉണ്ടായതിന്റെ കാരണം വെളിപ്പെടുത്തുമോ;

(സി) തൊഴിലാളി സമരമോ നിസ്സഹകരണമോമൂലം ഇതിന്റെ പണി താമസിക്കാൻ ഇടയായിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) കൊല്ലം- തിരുവനന്തപുരം പാതയുടെ ഇരട്ടിപ്പിക്കൽ പണി ആരംഭിച്ചത് 1997- ലാണ്. 18.6.2000-ൽ പണി പൂർത്തിയായി.

(ബി&സി) പലപ്പോഴായി ഉണ്ടായ തൊഴിൽ പ്രശ്നങ്ങൾ മൂലമാണ് പണി സമയത്തിന് പൂർത്തീകരിക്കാൻ കോൺട്രാക്ടർക്ക് കഴിയാതെ പോയത്. കയറ്റിറക്ക് സംബന്ധിച്ച തർക്കങ്ങളും പിന്നെ ചില സാഹചര്യങ്ങളിൽ അവിചാരിതമായുണ്ടായ മറ്റു ചില തൊഴിൽ പ്രശ്നങ്ങളും ഒരു പരിധിവരെ ജോലിയുടെ പുരോഗതിയെ തടസ്സപ്പെടുത്തിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly